"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - കോഴിക്കോട് ചേവായൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്ന ശ്രീമതി ഹെലൻ ഹൈസന്ത് മെഡോൺസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒഎ (ഇകെഎം) നം.11/2025-ന്മേലുള്ള 20/03/2025 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.4357/2025/GEDN തീയതി,തിരുവനന്തപുരം, 01-07-2025

---

പരാമർശം:-

1. 25/02/2022-ലെ പൊ.വി-എൽ1/87/2021/പൊവിവ. നമ്പർ സർക്കാർ കത്ത്
2. പൊതു വിദ്യാഭ്യാസ ഡയറക്ടർ ശ്രീമതി ഹെലൻ ഹൈസിന്ത് മെഡോൺസിന് നൽകിയ 22/03/2022 ലെ വി.ബി.3/422403/ഡിജിഇ(i) നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02/08/2022-ലെ വിബി3/422403/2022/ഡിജിഇ(i) നമ്പർ കത്ത്.
4. ശ്രീമതി ഹെലൻ ഹൈസിന്ത് മെഡോൺസ് ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒഎ (ഇകെഎം) 11/2025-ന്മേലുള്ള 20/03/2025-ലെ വിധിന്യായം.

**<u>ഉത്തരവ്</u>**

എരഞ്ഞിക്കൽ എച്ച്.ഐ.എൽ.പി.എസ്.ലെ പ്രഥമാധ്യാപിക ശ്രീമതി ഷമീറ എ.എസ്. ന് തരംതാഴ്ത്തൽ അനുവദിച്ചത് അംഗീകരിച്ച് ഉത്തരവ് നൽകിയ ചേവായൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറിനെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുവാൻ പരാമർശം (1) പ്രകാരം സർ ക്കാർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. ടി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ഹെലൻ ഹൈസന്ത് മെഡോൺസിനെതിരെ 1960-ലെ കെ.സി.എസ്.(സി.സി.എ) ചട്ടം 16 പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (2) പ്രകാരം കുറ്റപത്രവും

കുറ്റാരോപണ പത്രികയും നൽകുകയുണ്ടായി.ടി കുറ്റപത്രത്തിനും, കുറ്റാരോപണ പത്രികയ്ക്കും ടിയാൾ പ്രതിവാദ പത്രിക സമർപ്പിക്കുകയുണ്ടായി. ടി അച്ചടക്ക നടപടി തുടർന്ന് വരവെ ചേവായൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയിരുന്ന ടിയാൾക്ക് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ആഫീസറായി പ്രൊവിഷണലായി സ്ഥാനക്കയറ്റം നൽകി സർക്കാർ ഉത്തരവാകുകയും, പിന്നീട് ടിയാൾക്ക് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറായി സ്ഥലംമാറ്റം അനുവദിക്കുകയും ചെയ്തിരുന്നു.

2 ) ജില്ലാ വിദ്യാദ്യാസ ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ടിയാളുടെ നിയമനാധികാരി സർക്കാർ ആണ്. ആയതിനാൽ ശ്രീമതി ഹെലൻ ഹൈസന്ത് മെഡോൺസിനെതിരെ സർക്കാർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3 ) അച്ചടക്ക നടപടി തുടർന്നുവരവെ ടിയാൾ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാൾക്ക് അർഹതപ്പെട്ട പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിരുന്നില്ല. ഇതിനെതിരെ ടിയാൾ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒഎ (ഇകെഎം) നം.11/2025 നമ്പർ ഒഎ. ഫയൽ ചെയ്യുകയുണ്ടായി. ടി ഒഎ.യിന്മേൽ ബഹു. ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (4) വിധിന്യായം പ്രകാരം അനക്സർ എ13 നിവേദനം പരിഗണിച്ച് പ്രസ്തുത വിധിന്യായം കൈപ്പറ്റി 3 മാസത്തിനുള്ളിൽ ടിയാളെ നേരിൽ കേട്ട ശേഷം ഉത്തവ് പുറപ്പെടുവിക്കുവാൻ സർക്കാരിനോട് നിർദേശിച്ചുകൊണ്ട് മേൽ OA ബഹു.കോടതി തീർപ്പാക്കിയിരിക്കുന്നു.

4 ) ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ശ്രീമതി ഹെലൻ ഹൈസിന്ത് മെഡോൺസ് (ടിയാളുടെ അഡ്വക്കേറ്റ് ഹാജരായിരുന്നു), പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ പ്രതിനിധി എന്നിവരെ 09/05/2025-ന് പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ഓൺലൈനായി കേൾക്കുകയുണ്ടായി.

5 ) ടി ഹിയറിംഗിൽ പങ്കെടുത്ത ശ്രീമതി.ഹെലൻ ഹൈസിന്ത് മെഡോൺസിന്റെ പ്രതിനിധി ചുവടെ ചേർക്കും പ്രകാരം മൊഴി നൽകുകയുണ്ടായി .

i. ശ്രീമതി.ഹെലൻ ഹൈസന്ത് മെൻഡോൺസ് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറായി 31/05/2024 ന് സർവ്വീസിൽ നിന്നും വിരമിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടർ അവർക്ക് 22/02/2022 ലെ വി.ബി.3/422402/ഡി.ജി.ഇ(1) നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയിരുന്നു. ആയതിന് ടിയാൾ യഥാസമയം പ്രതിവാദപ്രതിക സമർപ്പിച്ചിരുന്നു. ടിയാൾ സർവ്വീസിൽ നിന്നും

വിരമിക്കുന്നതിന് നാലുമാസം മുമ്പുതന്നെ പെൻഷനുള്ള അപേക്ഷ പ്രിസം വഴി സമർപ്പിച്ചിരുന്നു. എന്നാൽ മേൽ ശിക്ഷാ നടപടികൾ റിട്ടയർ ചെയ്യുന്നതിനുമുമ്പ് പൂർത്തീകരിക്കാതിരുന്നതിനാൽ ടിയാൾക്ക് കെ.എസ്.ആർ പാർട്ട് 111 ചട്ടം 3 എ പ്രകാരം പ്രൊവിഷണൽ പെൻഷനുമാത്രമേ അർഹതയുള്ളൂ എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ തീരുമാനമെടുത്തിരുന്നു. സർവ്വീസിലിരിക്കെ റിട്ടയർ ചെയ്യുന്നതിന് 4 മാസം മുമ്പ് പെൻഷന് അപേക്ഷിച്ചിരുന്നെങ്കിലും അന്യായമായ കാലതാമസം വരുത്തി 27/11/2024 ന് മാത്രമാണ് പൊതു വിദ്യാഭ്യാസ ഡയറക്ടർ പ്രൊവിഷണൽ പെൻഷനുള്ള ഉത്തരവ് പുറപ്പെടുവിച്ചത്. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള പ്രൊവിഷണൽ പെൻഷൻ പോലും യഥാസമയം ലഭിക്കാതെ വന്നപ്പോൾ ടിയാൾക്ക് ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കേണ്ടിവന്നു. ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27/01/2025-ലെ ഇടക്കാല ഉത്തരവു പ്രകാരമാണ് ടിയാൾക്ക് പ്രൊവിഷണൽ പെൻഷനും പെൻഷൻ കുടിശ്ശികയും ലഭിച്ചത്.

i i . ശ്രീമതി ഹെലൻ ഹൈസന്ത് മെഡോൺസിന് എതിരെയുള്ള മെമ്മോയിലെ ചാർജ് താഴെപറയുന്നതാണ്.

“എരഞ്ഞിക്കൽ എച്ച്.ഐ.എൽ.പി.എസ് ഹെഡ്മിസ്ട്രസ്സ് തസ്തികയിൽ ചേവായൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും 01/09/2018 മുതൽ നിയമനാംഗീകാരം നൽകി സേവനത്തിൽ തുടർന്നുവരികയായിരുന്ന ശ്രീമതി ഷമീറ എഎസിന് തന്റെ മുൻ തസ്തികയായ എൽപിഎസ്റ്റി. തസ്തികയിലേക്ക് തരം താഴ്ത്തൽ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്കൂൾ മാനേജർ മുഖേന താങ്കൾക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി.എന്നാൽ എൽപിഎസ്റ്റി തസ്തികയിൽ നിന്നും ഹെഡ്മിസ്ട്രസ്സ് തസ്തികയിലേക്ക് ശ്രീമതി ഷമീറയ്ക്ക് ചേവായൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും പ്രമോഷൻ അംഗീകരിച്ച് നൽകിയിരുന്നു.പന്നീട് ടിയാളുടെ അപേക്ഷ പരിഗണിച്ച് നം.ഡി/3895/19/അ.തീ തീയതി 28/11/2019 പ്രകാരം തരംതാഴ്ത്തൽ അനുവദിച്ച് ഉത്തരവ് നൽകിക്കൊണ്ട് കെ.ഇ.ആറിന് വിരുദ്ധമായി താങ്കൾ പ്രവർത്തിച്ചു".

ശ്രീമതി ഷമീറ.എ.എസ്.ന്റെ സ്ഥാനക്കയറ്റം കെ.ഇ.ആർ അധ്യായം XIV A ചട്ടം 45 C പ്രകാരമായതിനാൽ സ്ഥാനക്കയറ്റത്തിന് ആവശ്യമായ ടെസ്റ്റ് യോഗ്യത കൈവരിക്കാൻ കഴിയാതെ വരുമ്പോൾ പ്രത്യേകിച്ചും മറ്റൊരാൾ ടെസ്റ്റ് യോഗ്യത കൈവരിക്കുമ്പോൾ ചട്ടം 45 C പ്രകാരം റിവേർഷൻ അനിവാര്യമാണ്. മാത്രമല്ല ശ്രീമതി ഷമീറ റിവേർഷന് അപേക്ഷ നൽകുകയും ചെയ്തിരുന്നു. ആയതിനാൽ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നനിലയിൽ എടുത്ത തീരുമാനത്തിൽ യാതൊരു പിഴവും ഇല്ലെന്നു കാണാം. യഥാർത്ഥത്തിൽ വകുപ്പിനാണ് തെറ്റ് സംഭവിച്ചിട്ടുള്ളത്. തികച്ചും

നിയമപരമായി ചെയ്ത ഒരു കാര്യം ഗുരുതരമായ വീഴ്ചയായി തെറ്റായ തടസ്സവാദം ഉന്നയിച്ച് അന്യായമായ നടപടി വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായതിന്റെ ഫലമായി കഷ്ടനഷ്ടങ്ങൾ അനുഭവിക്കേണ്ടിവന്നു.

iii. ബഹു.കേരള ഹൈക്കോടതിയുടെ **08/04/2024**-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച കത്തിൽ **(22/08/2024**-ലെ എൽ/**159/2024**- പൊവിവ. നമ്പർ കത്ത്) ഇക്കാര്യം സ്പഷ്ടമാക്കിയിട്ടുണ്ട്. കെ.ഇ.ആർ ചട്ടം **45 C,** ബഹു കേരള ഹൈക്കോടതിയുടെ **08/04/2024**-ലെ ഇടക്കാല ഉത്തരവ്, **22/08/2024**-ലെ എൽ/**159/2024**- പൊവിവ. നമ്പർ കത്തിലെ സർക്കാർ തീരുമാനം ഇവയുടെ അടിസ്ഥാനത്തിൽ ശ്രീമതി ഷമീറ എ.എസിനെ റിവേർട്ട് ചെയ്യാൻ അനുവാദം നൽകിയ ശ്രീമതി.ഹെലൻ ഹൈസന്ത് മെഡോൺസിന്റെ നടപടി പൂർണ്ണമായും നിയമാനുസൃതവും ശരിയുമാണെന്ന് കാണാവുന്നതാണ്. ഈ സാഹചര്യത്തിൽ **22/02/2022** ലെ വി.ബി.**3/422402**/ഡി.ജി.ഇ**(1)** നമ്പർ കുറ്റപത്രത്തിലെ കുറ്റം നിയമപരമായി നിലനിൽക്കാത്തതായതിനാൽ ആയതും തുടർനടപടികളും റദ്ദ് ചെയ്ത് ശ്രീമതി ഹെലൻ ഹൈസന്ത് മെഡോൺസിന് റഗുലർ പെൻഷനും മറ്റ് പെൻഷണറി ആനുകുല്യങ്ങൾക്കും അർഹതയുണ്ടെന്ന് പ്രഖ്യാപിക്കാനും ആയതു പ്രകാരമുള്ള ആനുകൂല്യങ്ങൾ എത്രയും വേഗം അനുവദിക്കുന്നതിനും നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അപേ ക്ഷിക്കുന്നു. ടി കുറ്റപത്രവും തുടർനടപടികളും നിയമപരമായി നിലനിൽപ്പില്ലാത്തതിനാൽ അവരുടെ ഡി.ഇ.ഒ പ്രമോഷൻ റഗുലറൈസ് ചെയ്യുന്നതിനും ഡി.ഇ.ഒ കേഡറിൽ പ്രൊബേഷൻ ഡിക്ലെയർ ചെയ്യാനും അവർക്ക് **01/07/2023** ന് **due** ആയ വാർഷിക വർദ്ധനവ് നൽകി ശമ്പളം **105300/-** ൽ നിന്നും ഉയർത്തി **107800/-** ആയി നിജപ്പെടുത്തി റഗൂലർ പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിനാവശ്യമായ അനുകൂല ഉത്തരവ് അനുവദിച്ചുതരണമെന്ന് അപേക്ഷിക്കുന്നു. തെറ്റായ **disciplinary proceedings** ന്റെ പേരിൽ അവർക്ക് അടുത്ത കേഡറായ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡുക്കേഷൻ തസ്തികയിലെ സ്ഥാനക്കയറ്റം നഷ്ടപ്പെട്ടിരുന്നു. അവരുടെ ജൂനിയറിന് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ കേഡറിൽ പ്രമോഷൻ നൽകിയ തീയതിയുടെ മുൻകാല പ്രാബല്യത്തിൽ അവർക്ക് എല്ലാ ആനുകൂല്യങ്ങളോടും കൂടി പ്രമോഷൻ നൽകണമെന്നും അഭ്യർത്ഥിച്ചിരുന്നു.

6 ) ഹിയറിംഗിൽ പങ്കെടുത്ത പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധി താഴെ പറയും പ്രകാരം അറിയിക്കുകയുണ്ടായി.

**i.** ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായി സേവനമനുഷ്ഠിച്ചു വരവെ സമന്വയ മുഖേനയുള്ള നിയമനാംഗീകാര ഫയലുകളിൽ നടപടി സ്വീകരിച്ച് തീർപ്പാക്കുന്നതിൽ കാലതാമസം വരുത്തിയതിന് ശ്രീമതി ഹെലൻ

ഹൈസന്ത് മെഡോൺസിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും **1960**-ലെ കെ.സി.എസ്(സി.സി&എ) ചട്ടം **16** പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുകയുണ്ടായി **(**നം.വിബി**6//3031//2020/DGE** തിയതി **22/06/2020).** പൊതു വിദ്യാഭ്യാസ വകുപ്പിലെ **2022** വർഷത്തെ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി **(**ഹയർ**) 14/03/2022**ന് ചേരുകയുണ്ടായി. അതിൽ ശ്രീമതി ഹെലൻ മെഡോൺ സിനെതിരെ **VB6/3031/2020/DGE** നം. ഫയൽ പ്രകാരം കെ.സി.എസ്(സി.സി&എ) ചട്ടം **16** പ്രകാരം അച്ചടക്കനടപടി നിലനിൽക്കുന്നു എന്ന വസ്തുത റിപ്പോർട്ട് ചെയ്തിരുന്നു. അത് **DPC** മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. ലഘുശിക്ഷ ചുമത്തുന്നതിനുള്ള നടപടി ക്രമമാണ് ടിയാൾക്കെതിരെ സ്വീകരിച്ച് വരുന്നത് എന്നത് കണക്കിലെടുത്ത് ശ്രീമതി ഹെലൻ ഹൈസന്ത് മെഡോൺസിനെ സെലക്ട് ലിസ്റ്റിൽ പ്രൊവിഷണലായി ഉൾപ്പെടുത്താൻ **D P C** തീരുമാനിക്കുകയുണ്ടായി.അതിന്റെ അടിസ്ഥാനത്തിൽ **DEO** തസ്തികയിലെ സ്ഥാനക്കയറ്റത്തിനുള്ള സെലക്സ് ലിസ്റ്റിൽ പ്രൊവിഷണലായി ടിയാളെ ഉൾപ്പെടുത്തിക്കൊണ്ട് **GO.(P) No.3/2022/GEDN** തീയതി **26/03/2022** പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനു ശേഷം ടിയാളെ പാലക്കാട് ഡി.ഇ.ഒ തസ്തികയിൽ പ്രൊവിഷണലായി സ്ഥാനക്കയറ്റം നൽകിക്കൊണ്ട് **G.O(Rt) No.2459/2022/GEDN** തീയതി **- 16/04/2022** പ്രകാരവും, പിന്നീട് വടകര ഡി.ഇ.ഒ തസ്തികയിൽ സ്ഥലംമാറ്റം നൽ കിക്കൊണ്ട് **G.O(Rt) No.3726/2022/GEDN** തീയതി **- 22/06/2022** പ്രകാരവും സർക്കാർ ഉത്തരവ് നൽകി.

**ii.** ചേവായൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാര പരിധിയിൽപ്പെട്ട എരഞ്ഞിക്കൽ എച്ച്ഐ എൽ പി എസി.ൽ എച്ച്എം. തസ്തികയിൽ **01/08/2018** മുതൽ ശ്രീമതി ഷമീറ. എ.എസ്. ന് ചേവായൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനാംഗീകാരം നൽകിയത് പ്രകാരം ടിയാൾ പ്രസ്തുത തസ്തികയിൽ സേവനത്തിൽ തുടർന്ന് വരികയായിരുന്നു. എച്ച്.എം തസ്തികയിൽ നിന്നും മുൻ തസ്തികയായ എൽ പി എസ് റ്റി തസ്തികയിലേക്ക് തിരികെ പോകാൻ അനുവദിക്കണമെന്ന് കാണിച്ച് മാനേജർ മുഖേന ശ്രീമതി ഷമീറ എ.എസ്. ചേവായൂർ എഇഒ ക്ക് (ശ്രീമതി ഹെലൻ ഹൈസന്ത് മെഡോൺസ് ആയിരുന്നു പ്രസ്തുത കാലയളവിലെ എ.ഇ.ഒ) അപേക്ഷ സമർപ്പിച്ചു. തുടർന്ന് എച്ച്.എം തസ്തികയിൽ നിന്നും ടിയാളെ തരംതാഴ്ത്തി എ.ഇ.ഒ ഉത്തരവ് പുറപ്പെടുവിച്ചു. മതിയായ കാരണമില്ലാതെ (അച്ചടക്ക നടപടിയുടെ ഭാഗമായോ, തസ്തിക നഷ്ടം വന്നിട്ടോ) ഉയർന്ന തസ്തികയിൽ നിന്നും തരംതാഴ്ത്തുന്നതിന് നിലവിൽ കെ.ഇ.ആർ-ൽ വ്യവസ്ഥയില്ല.ആയതിനാൽ എൽപിഎസ്റ്റി തസ്തികയിൽ നിന്നും എച്ച്എം തസ്തികയിലേക്ക് ശ്രീമതി ഷമീറ എ.എസ് ന് സ്ഥാനക്കയറ്റം അംഗീകരിച്ച് നൽകിയ ശേഷം ടിയാൾക്ക് തരംതാഴ്ത്തൽ

അനുവദിച്ച് നൽകിക്കൊണ്ട് ചട്ട വിരുദ്ധമായി പ്രവർത്തിച്ചു എന്ന കുറ്റം മുൻനിർത്തി പ്രസ്തുത കാലയളവിലെ ചേവായൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയിരുന്ന ശ്രീതി ഹെലൻ ഹൈസന്ത് മെഡോൺസിന് എതിരെ നം.L1/87/2021/GEDN തീയതി 25/02/2022 ലെ സർക്കാർ കത്തിലെ നിർദേശാനുസരണം) 1960-ലെ കെ.സി.എസ്(സി.സി&എ) ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി (VB3/422403/2022/DGE(i) തീയതി-22/03/2022). ചേവായൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ പ്രസ്തുത കാലയളവിലെ സീനിയർ സൂപ്രണ്ട് ശ്രീമതി നിർമ്മല കെസിക്ക് എതിരെയും ഈ വിഷയത്തിൽ അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

iii. നം.VB3/422403/2022/DGE ഫയലിൽ ശ്രീമതി ഹെലൻ ഹൈസന്ത് മെഡോൺസിന് എതിരെ അച്ചടക്ക നടപടി ആരംഭിച്ചത് 2022 വർഷത്തെ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ) 14/03/2022ന് ചേർന്നതിന് ശേഷമാണ്. ആയതിനാലാണ് ഈ അച്ചടക്ക നടപടി DPC മുൻപാകെ റിപ്പോർട്ട് ചെയ്യാനാകാത്തത്.

iv. ഈ കാലയളവിൽ ശ്രീമതി ഹെലൻ ഹൈസന്ത് മെഡോൺസിന് പ്രോവിഷണലായി ഡി.ഇ.ഒ തസ്തികയിൽ സർക്കാർ സ്ഥാനക്കയറ്റം നൽകി. ജില്ലാ വിദ്യാഭ്യാസ ആഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ടിയാളുടെ നിയമാധികാരി സർക്കാർ ആണ് എന്നത് കൊണ്ടും ഒരേ കേസിൽ ഉൾപ്പെട്ട സീനിയർ സൂപ്രണ്ട് ശ്രീമതി നിർമ്മല കെസി. ( 28/02/2023 ന് വിരമിച്ചു) ശ്രീമതി ഹെലൻ ഹൈസന്ത് മെഡോൺസ് (31/05/2024 ന് വിരമിച്ചു) എന്നിവർക്കെതിരെ വിഷയത്തിൽ സർക്കാർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സർക്കാരിലേക്ക് കത്ത് നൽകുകയുണ്ടായി.

v. സർക്കാർ നിർദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഈ വിഷയത്തിൽ ബോധപൂർവ്വമായ വീഴ്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് സംഭവിച്ചതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ശ്രീമതി.ഷമീറക്ക് എൽപിഎസ്റ്റി തസ്തികയിലേക്ക് അനുവദിച്ച തരംതാഴ്ത്തൽ സാധുകരിച്ച് നൽകാൻ സർക്കാർ എഇ ഒയ്ക്ക് നിർദ്ദേശം നൽകിയ സ്ഥിതിക്ക് ശ്രീമതി.ഹെലൻ ഹൈസിന്ത് മെഡോൺസ് എതിരായ അച്ചടക്ക നടപടി തീർപ്പാക്കി നൽകാവുന്നതാണോ എന്നത് സംബന്ധിച്ച് സർക്കാർതലത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

vi ശ്രീമതി .ഹെലൻ ഹൈസിന്ത് മെഡോൺസിന്റെ ഡിഇഒ തസ്തികയിലെ നിരീക്ഷണ കാലയളവ് വിജയകരമായി പൂർത്തികരിച്ച് ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. ഇയാളുടെ അച്ചടക്ക നടപടി തീർപ്പാക്കിയും പ്രൊബേഷൻ പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചാൽ മാത്രമേ പൂർണമായ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകാൻ കഴിയുകയുള്ളൂ.ജൂനിയറിന് ഡിഡിഇ തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ തീയതിയുടെ മുൻകാല പ്രാബല്യത്തിൽ എല്ലാ ആനുകൂല്യങ്ങളും ഉൾപ്പെടെ

പ്രമോഷൻ നൽകണമെന്ന് ശ്രീമതി ഹെലൻ ഹൈസിന്ത് മെഡോൺസിന്റെ ന്യായ വാദ പത്രികയിലെ വാദം ഈ വിഷയത്തിൽ ഡിപിസി തലത്തിൽ എടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ പരിശോധിക്കുവാൻ കഴിയുകയുള്ളു.

**8)** ഈ വിഷയത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ പെൻഷൻ വിഭാഗത്തിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ പെൻഷൻ വിഭാഗത്തിന്റെ റിപ്പോർട്ട് പ്രകാരം ശ്രീമതി ഹെലൻ ഹൈസിന്ത് മെഡോൺസിന്റെ പെൻഷൻ പ്രൊപ്പോസൽ ടി കാര്യാലയത്തിൽ ലഭിക്കുന്നത് **22/07/2024** ൽ മാത്രമാണ്.തുടർന്ന് **27/11/2024** ന് ടിയാൾക്ക് പ്രൊവിഷനൽ പെൻഷൻ അനുവദിക്കുകയുണ്ടായി. അക്കൗണ്ടൻറ് ജനറലിൽ നിന്ന് അനുമതി ലഭിച്ചത് **05/03/2025** ലാണ് തുടർന്ന് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **10/03/2025** ലെ കത്ത് പ്രകാരം ടിയാൾക്ക് തുക വിതരണം ചെയ്യുകയുണ്ടായി.

**9)** ഹർജിക്കാരി/പ്രതിനിധിയുടെ മൊഴിയുടേയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായത്തിന്റെയും ബന്ധപ്പെട്ട തീർപ്പു ഫയലുകളുടെയും അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.ഇ.ആർ അധ്യായം **14** ലെ ചട്ടം **45 C** പ്രകാരമുള്ള നടപടിയാണ് ശ്രീമതി ഹെലൻ ഹൈസിന്ത് മെഡോൺസിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളത്. മാത്രമല്ല ശ്രീമതി.എ.എസ്. ഷമീറക്ക് എൽപിഎസ്റ്റി തസ്തികയിലേക്ക് അനുവദിച്ച തരംതാഴ്ത്തൽ സാധൂകരിച്ച് നൽകാൻ സർക്കാർ എഇഒയ്ക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

**10)** ഈ സാഹചര്യത്തിൽ എരഞ്ഞിക്കൽ എച്ച് ഐഎൽ പി സ്കൂളിലെ പ്രധാനാധ്യാപികയായിരുന്ന ശ്രീമതി.എ.എസ്. ഷമീറയെ തരംതാഴ്ത്തിയതുമായി ബന്ധപ്പെട്ട വിഷയത്തിൽ കോഴിക്കോട് ചെവായൂർ ഉപജില്ലാ വിദ്യഭ്യസ ഓഫീസറായിരുന്ന ശ്രീമതി ഹെലൻ ഹൈസിന്ത് മെഡോൺസിന്റെ നടപടിയിൽ അപകാതയില്ലെന്ന് ബോധ്യപ്പെട്ടതിനാൽ ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി ഒഴിവാക്കിക്കൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

**11)** പരാമർശം **(4)**-ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചേവായൂർ
പൊതു വിദ്യാഭ്യാസ (സി) വകുപ്പ്
പൊതു വിദ്യാഭ്യാസ (എൽ) വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ) കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ (ഫയൽ നം.പൊവി-ഡിഎ1/6/2025/പൊവിവ.)

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
സെക്ഷൻ ഓഫീസർ
Date: 02-07-2025 10:20:49

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎ.യ്ക്ക്